പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 274

01.12.2014-ൽ മറുപടിക്ക്.

## മാവേലിക്കര മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. രാജേഷ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഫയർ ഫോഴ്സ് യൂണിറ്റിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനാവശ്യമായ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | :(എ) സംസ്ഥാനത്തെ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിൽ ഉപയോഗിക്കുന്നതിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. വാഹനങ്ങളും, ഉപകരണങ്ങളും ആവശ്യകതക്കും ലഭ്യതക്കുമനുസൃതമായി, മറ്റു സ്റ്റേഷനുകളിലെന്ന പോലെ മാവേലിക്കര ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലും നല്കുന്നതാണ്. |
| (ബി) പ്രസ്തുത മണ്ഡലത്തിൽ വ്യാപകമായി കഞ്ചാവ് ലഹരിമരുന്ന് എന്നിവയുടെ വില്പന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | : (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഹരി മരുന്ന് വ്യാപാരം തടയുന്നതിനായി പ്രത്യേകം സ്ക്വാഡ് രൂപീകരിച്ച് നിരീക്ഷണം നടത്തിവരുന്നു. ഇതിലേക്ക് ഈ വർഷം നൂറനാട് പോലീസ് സ്റ്റേഷനിൽ 1 കേസും, മാവേലിക്കര പോലീസ് സ്റ്റേഷനിൽ 4 കേസുകളും, വള്ളിക്കുന്നം പോലീസ് സ്റ്റേഷനിൽ 2 കേസുകളും രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. തുടർന്നും റെയ്ഡുകൾ ഉൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) പ്രസ്തുത മണ്ഡലത്തിൽ നിർമ്മാണമാരംഭിച്ച കമാൻഡോ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി എന്ന് ആരംഭിക്കും. ആയതിനു കാലതാമസമുണ്ടെങ്കിൽ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | : (സി) ആലപ്പുഴ ജില്ലയിൽ നൂറനാട് എന്ന സ്ഥലത്ത് പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 8.69 ഏക്കർ സ്ഥലത്ത് ഒരു കൗണ്ടർ ഇൻസർജൻസി ആന്റ് ആന്റി ടെററിസം (CIAT) സ്കൂൾ അനുവദിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

K Beena

സെക്ഷൻ ഓഫീസർ